**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1166** — **12-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിവിധ സർക്കാർ സ്ഥാപനങ്ങളിലൂടെ ലിറ്ററിന് ഇരുപത്തിയഞ്ച് രൂപ നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിവിധ സർക്കാർ സ്ഥാപനങ്ങളിലൂടെ ലിറ്ററിന് ഇരുപത്തിയഞ്ച് രൂപ നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് ഇപ്പോൾ പരിമിതികളുണ്ട്.<br><br>കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതു വിതരണ സമ്പ്രദായം വഴി ലഭിക്കുന്ന മണ്ണെണ്ണയും, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എണ്ണ കമ്പനികൾ വില നിശ്ചയിച്ച് മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയുമാണ് പ്രധാനമായും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ആശ്രയിക്കുന്നത്. പൊതു വിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകി വരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായ തിനാൽ വെള്ള മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ സബ്സിഡി നൽകി മത്സ്യഫെഡിലൂടെ വിൽപ്പന നടത്തുന്ന പദ്ധതി നിലവിലുണ്ട്. സംസ്ഥാനത്ത് മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ മത്സ്യഫെഡ് വഴി വിതരണം ചെയ്തു വരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ വീതം സബ്സിഡി നിരക്കിൽ (ഡി.ബി.റ്റി മുഖേന) സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നൽകി വരുന്നുണ്ട്.<br><br>10 എച്ച്.പി വരെ -140 ലിറ്റർ<br><br>10 എച്ച്.പി മുതൽ 15 എച്ച്.പി വരെ -150 ലിറ്റർ<br><br>15 എച്ച്.പി ക്ക് മുകളിൽ -190 ലിറ്റർ |

| | | | |
|---|---|---|---|
| | | | 2022-23 സാമ്പത്തിക വർഷം 8515.97 കിലോ ലിറ്റർ സബ്സിഡി മണ്ണെണ്ണയും 2023-24 സാമ്പത്തിക വർഷം 6958.75 കിലോ ലിറ്റർ സബ്സിഡി മണ്ണെണ്ണയും മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. |
| (ബി) | സംസ്ഥാനത്തു വിതരണം ചെയ്യുന്നതിനായി കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കുമോ; | (ബി) | മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്ര സർക്കാർ വരുത്തുന്ന കുറവും മണ്ണെണ്ണയുടെ വില വർദ്ധനവും മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിക്കുന്നതിനാൽ സംസ്ഥാനത്തു വിതരണം ചെയ്യുന്നതിനായി കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു. 2.4 ലക്ഷം സജീവ മത്സ്യത്തൊഴിലാളികളുള്ള കേരള സംസ്ഥാനത്ത് ഔട്ട് ബോർഡ് മോട്ടോർ ഘടിപ്പിച്ച ഏകദേശം 34,445 പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ മത്സ്യബന്ധനം നടത്തുന്നതിൽ, ഭൂരിപക്ഷം ഔട്ട് ബോർഡ് എഞ്ചിനുകളും ഇന്ധനമായി ഉപയോഗിക്കുന്നത് മണ്ണെണ്ണയാണ്. കേന്ദ്ര സർക്കാർ പൊതുവിപണന സമ്പ്രദായ (PDS) ത്തിലൂടെ മത്സ്യബന്ധനത്തിനായി സബ്സിഡിയോടു കൂടി നൽകിവരുന്ന മണ്ണെണ്ണ ഇപ്പോൾ ലഭിക്കുന്നില്ല. പകരം മത്സ്യബന്ധന മേഖല, കാർഷിക മേഖല, ഫെസ്റ്റിവൽ, പ്രകൃതി ദുരന്തം തുടങ്ങിയ വിവിധ ആവശ്യങ്ങൾക്ക് അനുവദിക്കുന്ന മണ്ണെണ്ണ (Non subsidized PDS) യാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നത്. ടി മണ്ണെണ്ണ അനുവദിക്കുന്ന അളവ് വളരെ അപര്യാപ്തമാണ്. 2022 ലെ ജോയിൻറ് വേരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായി വരുന്ന വാർഷിക മണ്ണെണ്ണയുടെ അളവ് 116900.4 കിലോ ലിറ്റർ ആണ്. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ യുടെ കാൽ ഭാഗംപോലും കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണ (നോൺ PDS) ആയി അനുവദിക്കുന്നില്ല. 2022-23 സാമ്പത്തിക വർഷം 7160 കിലോ ലിറ്റർ സബ്സിഡി രഹിത (നോൺ PDS) മണ്ണെണ്ണയും, 2023-24 സാമ്പത്തിക വർഷം 3300 കിലോ ലിറ്റർ മണ്ണെണ്ണയും മാത്രമാണ് ലഭ്യമായിട്ടുള്ളത്. നടപ്പ് വർഷത്തേക്ക് ആവശ്യമായ പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തിയതിന്റെ അടിസ്ഥാന ത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 648 കിലോ ലിറ്റർ മണ്ണെണ്ണ മത്സ്യബന്ധന മേഖലക്ക് അനുവദിച്ചു. ആയത് മുഴുവനും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. |

| | | | |
|---|---|---|---|
| (സി) | ബോട്ടുകളിൽ മണ്ണെണ്ണ എഞ്ചിന് പകരം മറ്റ് ഇന്ധനം ഉപയോഗിക്കാനുള്ള സാങ്കേതിക വിദ്യ നൽകാമെന്ന് മത്സ്യത്തൊഴിലാളികൾക്ക് വാഗ്ദാനം നൽകിയിട്ടുണ്ടോ; എങ്കിലത് നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. മണ്ണെണ്ണയുടെ വിലവർദ്ധനവും ലഭ്യതക്കുറവും മലിനീകരണവും പരിഗണിച്ച് മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, എൽ.പി.ജി തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ എൽ.പി.ജി കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട് . ആയതിലേയ്ക്കായി 7 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിക്കുകയും ആലപ്പുഴ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ ലിക്വിഡ് ഓഫ് ടേക്ക് കിറ്റുകൾ വിതരണം ചെയ്യുകയും എൽ .ഒ .റ്റി(LOT) അടിസ്ഥാനത്തിലുള്ള എൽ.പി.ജി കിറ്റുകൾ യാനങ്ങളിൽ ഘടിപ്പിച്ച് പഠനം നടത്തുകയും ചെയ്തു. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് ലഭ്യമായതനുസരിച്ച് എൽ.പി.ജി എഞ്ചിനുകൾ ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെടുകയും ഇന്ധനച്ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുകയും ചെയ്തു. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21/01/2023 ന് എൽ.പി.ജി കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു . തുടർന്ന് മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ എൽ.പി.ജി എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുന്നതിനായി 3 കോടി 55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു .<br><br>കൂടാതെ 1000 മണ്ണെണ്ണ എഞ്ചിനുകൾ 50% സബ്സിഡിയോടുകൂടി (പരമാവധി 50,000/-രൂപ) പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് പ്രകാരം മത്സ്യഫെഡ് മുഖാന്തരം നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ ഇതിനകം 377 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്. ഇത്തരത്തിൽ 5 |

| | | | |
|---|---|---|---|
| | | | വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എമ്മുകളും ഘട്ടം ഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽപിജി ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എമ്മുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് |

സെക്ഷൻ ഓഫീസർ